**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3164      20/06/2014-ൽ മറുപടിയ്ക്ക്

**വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ**

ചോദ്യം
ശ്രീ. ജി. സുധാകരൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ. പ്രദീപ്കുമാർ
,, ബാബു എം. പാലിശ്ശേരി

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; | എ) ഉണ്ട്. മാസത്തിൽ രണ്ട് പ്രാവശ്യം നടത്തപ്പെടുന്ന ജില്ലാതല റിവ്യൂ മീറ്റിങ്ങുകളിൽ ജില്ലയിലെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യപ്പെടുന്നുണ്ട്. മാസത്തിൽ ഒരു പ്രാവശ്യം എറണാകുളം കാക്കനാടുള്ള കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിൽ വെച്ച് നടത്തപ്പെടുന്ന ജില്ലാ മാനേജർമാരുടെ റിവ്യൂ മീറ്റിങ്ങിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മൂന്ന് ഫങ്ഷണൽ ഡയറക്ടർമാരും ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായി നടത്തപ്പെടുന്ന ബോർഡ് യോഗങ്ങളിൽ കൗൺസിലിന്റെ നയപരമായ കാര്യങ്ങൾ ചർച്ച ചെയ്യുകയും തീരുമാനങ്ങളെടുക്കുകയും ചെയ്യുന്നു. |
| ബി) വിപണിയിൽ പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നതിനായി വി.എഫ്.പി.സി.കെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | ബി) 2012 മെയ്-ആഗസ്റ്റ് മാസങ്ങളിൽ പൊതുവിപണികളിൽ പച്ചക്കറികളുടെ വില നിയന്ത്രിക്കുന്നതിനായി സർക്കാർ നിർദ്ദേശ പ്രകാരം കൗൺസിൽ വിപണിയിൽ ഇടപെടുകയും പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 150 ചില്ലറ വില്പനശാലകൾ സംസ്ഥാനത്തുട നീളം നടത്തുകയുമുണ്ടായി. ഈ ചില്ലറ വില്പനശാലകൾ വഴി 14.82 കോടി രൂപ മൂല്യമുള്ള 5582 മെട്രിക് ടൺ പച്ചക്കറികൾ 10 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. ഇതുകൂടാതെ ക്രിസ്തുമസ് സീസണിൽ സംഘടിപ്പിച്ച 130 പച്ചക്കറി ചില്ലറ വില്പനശാലകൾ വഴി 2.44 കോടി രൂപ മൂല്യമുള്ള 881 ടൺ പച്ചക്കറി, ഉപഭോക്താക്കൾക്ക് 30% വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ പച്ചക്കറിയുടെ അനിയന്ത്രിതമായ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനു |

| | | | |
|---|---|---|---|
| | | | വേണ്ടി കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് 30% വിലക്കിഴിവിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി 152 ചില്ലറ വിൽപ്പനശാലകൾ 2013 ജൂൺ-സെപ്തംബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം ആരംഭിച്ചു. ഈ ചില്ലറ വിൽപ്പനശാലകൾ വഴി 20.45 കോടി രൂപ മൂല്യമുള്ള 5058 മെട്രിക് ടൺ പച്ചക്കറികൾ 8.25 ലക്ഷം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. |
| സി) | പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് കൗൺസിലിന്റെ പ്രവർത്തനങ്ങൾ മൂലം തടയാൻ സാധിച്ചിട്ടുണ്ടോ; | സി) | പച്ചക്കറികളുടെ വില ക്രമാതീതമായി വർദ്ധിപ്പിക്കുന്നത് ഒരു പരിധി വരെ പിടിച്ചു നിർത്താൻ കൗൺസിലിന്റേയും ഇതര ഏജൻസികളുടേയും പ്രവർത്തനങ്ങൾ മൂലം സാധിച്ചിട്ടുണ്ട്. |
| ഡി) | കൗൺസിൽ പച്ചക്കറികൾ ശേഖരിക്കുന്നത് എപ്രകാരമാണ് എന്നറിയിക്കാമോ? | ഡി) | കൗൺസിലിന്റെ കീഴിലുള്ള സ്വാശ്രയ കർഷക സമിതികളിൽ നിന്നാണ് കൗൺസിൽ 40% പച്ചക്കറികളും ശേഖരിക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ